©
Government of Kerala
കേരള സർക്കാർ
2007

Reg. No. രജി. നമ്പർ
KL/TV(N)/12/2006-2008

KERALA GAZETTE
കേരള ഗസററ്

PUBLISHED BY AUTHORITY
ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

Vol. LII
വാല്യം 52

Thiruvananthapuram, Tuesday
തിരുവനന്തപുരം, ചൊവ്വ

4th September 2007
2007 സെപ്റ്റംബർ 4
13th Bhadra 1929
1929 ഭാദ്രം 13

No.
നമ്പർ
35

PART III

Commissionerate of Excise

ലേലപരസ്യം

നമ്പർ ഡി5-4805/2004. 2007 ആഗസ്റ്റ് 30.

കോഴിക്കോട് എക്സൈസ് ഡിവിഷന്റെ കീഴിലുള്ള താഴെ വിവരിക്കുന്ന ഓഫീസുകളിലെ അബ്കാരി കേസുകളിലുൾപ്പെട്ടതും സർക്കാരിലേക്ക് കണ്ടുകെട്ടിയതും മുൻലേലങ്ങളിൽ വിറ്റുപോകാത്തതുമായ വാഹനങ്ങൾ കോഴിക്കോട് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ 12-9-2007-ാം തീയതി പകൽ 11 മണിക്ക് കോഴിക്കോട് എക്സൈസ് റെയിഞ്ച് ഓഫീസിൽവച്ച് പരസ്യമായി ലേലം ചെയ്ത് കൊടുക്കുന്നതാണ്. ലേല വ്യവസ്ഥകളും നിബന്ധനകളും പ്രവൃത്തി ദിവസങ്ങളിൽ കോഴിക്കോട് എക്സൈസ് ഡിവിഷൻ ഓഫീസിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

വാഹനങ്ങളുടെ വിവരണം

ക്രമ നമ്പർ	ക്രൈം നമ്പർ/ ഓഫീസ്	ഇനം	രജിസ്ട്രേഷൻ നമ്പർ	വാഹനം പാർക്ക് ചെയ്തിരിക്കുന്ന സ്ഥലം
(1)	(2)	(3)	(4)	(5)
1	663/2005 വടകര പോലീസ് സ്റ്റേഷൻ	ടാറ്റ സഫാരി	കെ.എൽ. 13. എഫ്. 7777	എക്സൈസ് റെയിഞ്ച് ഓഫീസ്, കോഴിക്കോട്
2	10/2006 വടകര റെയിഞ്ച്	ടാറ്റ സ്പാസിയോ	കെ.എൽ.07.എബി. 8016	എക്സൈസ് റെയിഞ്ച് ഓഫീസ്, കോഴിക്കോട്
3	28/2005 കോഴിക്കോട് റെയിഞ്ച്	ബജാജ് സി. ടി. 100 മോട്ടോർസൈക്കിൾ	കെ.എൽ.11 ഡി. 335	എക്സൈസ് റെയിഞ്ച് ഓഫീസ്, കോഴിക്കോട്
4	52/2005 കുന്നമംഗലം റെയിഞ്ച്	ടി. വി. എസ്. വിക്ടർ മോട്ടോർ സൈക്കിൾ	കെ. എൽ. 11 ആർ. 2066	എക്സൈസ് റെയിഞ്ച് ഓഫീസ്, കുന്നമംഗലം
5	435/2005 താമരശ്ശേരി പോലീസ് സ്റ്റേഷൻ	ടി. വി. എസ്. സെൻട്ര മോട്ടോർ സൈക്കിൾ	കെ.എൽ.11 ടി. 7727	എക്സൈസ് റെയിഞ്ച് ഓഫീസ്, താമരശ്ശേരി

(1)	(2)	(3)	(4)	(5)
6	139/2005 കൊയിലാണ്ടി പോലീസ് സ്റ്റേഷൻ	ബജാജ് ബോക്സർ മോട്ടോർ സൈക്കിൾ	കെ. എൽ. 11 ആർ. 6773	എക്സൈസ് റെയിഞ്ച് ഓഫീസ്, താമരശ്ശേരി
7	40/2006 ബാലുശ്ശേരി [illegible] റെയിഞ്ച്	ബജാജ് സി. ടി. 100 മോട്ടോർ സൈക്കിൾ	കെ. എൽ. 18 എ. 4083	എക്സൈസ് റെയിഞ്ച് ഓഫീസ്, [illegible]
8	17/2006 ബാലുശ്ശേരി റെയിഞ്ച്	ബജാജ് എം. 80 മോട്ടോർ സൈക്കിൾ	കെ. എൽ. 11 എൻ. 1949	എക്സൈസ് റെയിഞ്ച് ഓഫീസ്, ബാലുശ്ശേരി
9	112/2006 [illegible] പോലീസ് സ്റ്റേഷൻ	ബജാജ് സി. ടി. 100 മോട്ടോർ സൈക്കിൾ	കെ. എൽ. 18 ബി. 9670	എക്സൈസ് റെയിഞ്ച് ഓഫീസ്, നാദാപുരം
10	240/2005 നാദാപുരം പോലീസ് സ്റ്റേഷൻ	ഹീറോ ഹോണ്ട പാഷൻ പ്ലസ് മോട്ടോർ സൈക്കിൾ	കെ. എൽ. 18 എ. 3635	നാദാപുരം പോലീസ് സ്റ്റേഷൻ

നിബന്ധനകൾ

1. ലേലത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾ ഇപ്പോഴത്തെ സ്ഥിതിയിലും അവസ്ഥയിലും ആയിരിക്കും ലേലം ചെയ്യുന്നത്. വാഹനം പാർക്ക് ചെയ്തിരിക്കുന്ന ഓഫീസുമായി ബന്ധപ്പെട്ട് അത് സ്ഥിതി പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്.

2. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 2,000 (രണ്ടായിരം) രൂപ [illegible] നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. ലേലം കഴിഞ്ഞ് നിരതദ്രവ്യം മടക്കിക്കൊടുക്കുന്നതാണ്.

3. ലേലം വിളി ആരംഭിക്കുന്നതിനുമുമ്പ് ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്. [illegible] ടെണ്ടറിനോടുകൂടെ ടെണ്ടർ തുകയുടെ 10%-ൽ കുറയാത്ത തുകയ്ക്ക് കോഴിക്കോട് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ പേരിലുള്ള ബാങ്ക് ഡ്രാഫ്റ്റ് അടക്കം ചെയ്തിരിക്കേണ്ടതാണ്.

4. ഏറ്റവും കൂടിയ തുകയ്ക്ക് ലേലംവിളി/ടെണ്ടർ നൽകുന്ന ആളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിച്ചുനൽകുന്നതാണ്. ഒന്നിൽ കൂടുതൽ ആളുകൾ ഒരേ സംഖ്യ ടെണ്ടർ ചെയ്യുകയോ അല്ലെങ്കിൽ ടെണ്ടർ തുകയും ലേലത്തുകയും ഒന്നാവുകയോ ചെയ്താൽ ലേലം നറുക്കിട്ടെടുത്ത് തീരുമാനിക്കുന്നതാണ്.

5. ലേലത്തുക 5,000 രൂപയിൽ കുറവാണെങ്കിൽ മുഴുവൻ ലേലത്തുകയും ഉടൻ തന്നെ അടയ്ക്കേണ്ടതാണ്. ലേലത്തുക 5,000 രൂപയിൽ കൂടുതലാണെങ്കിൽ ലേലത്തുകയുടെ 50 ശതമാനമോ 5,000 രൂപയോ ഇവയിൽ ഏതാണ് കൂടുതൽ ആ തുക ഉടൻ അടയ്ക്കേണ്ടതാണ്.

6. ലേലം എക്സൈസ് കമ്മീഷണറുടെ / ഉത്തരമേഖലാ എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറുടെ സ്ഥിരീകരണത്തിന് വിധേയമായിരിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തിയാലുടൻ ബാക്കി സംഖ്യയും നിലവിലുള്ള [illegible] നികുതിയും കെട്ടിവച്ച് വാഹനം പാർക്ക് ചെയ്തിരിക്കുന്ന ഓഫീസിൽനിന്നും സ്വന്തം ചെലവിൽ കൊണ്ടുപോകേണ്ടതാണ്. ഇതിനു വീഴ്ചവരുത്തുന്നപക്ഷം കെട്ടിവച്ച സംഖ്യ കണ്ടുകെട്ടി സർക്കാരിലേക്ക് മുതൽകൂട്ടുന്നതാണ്.

7. പ്രത്യേക കാരണങ്ങളൊന്നും കൂടാതെ ലേലം മാറ്റിവയ്ക്കുന്നതിനോ റദ്ദാക്കുന്നതിനോ ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ്.

8. ലേലനടപടികൾ എക്സൈസ് കമ്മീഷണറുടെ തീരുമാനത്തിനും സ്ഥിരീകരണത്തിനും വിധേയമായിരിക്കും.

9. ലേലദിവസം അവധിയായി പ്രഖ്യാപിച്ചാൽ ലേലം അടുത്ത പ്രവൃത്തി ദിവസത്തിൽ നടത്തുന്നതാണ്.

(ഒപ്പ്)

കോഴിക്കോട്. അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ.